3. പി.എച്ച്.സി. വാകത്താനം, കോട്ടയം

4. പി.എച്ച്.സി. അയർക്കുന്നം, കോട്ടയം

5. പി.എച്ച്.സി. ഊർങ്ങാട്ടിരി, മലപ്പുറം

6. പി.എച്ച്.സി. കോടഞ്ചേരി, കോഴിക്കോട്

7. പി.എച്ച്.സി. കൂട്ടുമുഖം, കണ്ണൂർ

(ബി) 6-11-2008-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.)568/08/ ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ തീരുമാനിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഷൊർണ്ണൂർ സി.എച്ച്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രസ്തുത സി.എച്ച്.സി. കളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി* ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വരുത്തുകയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സർക്കാർ ആശുപത്രികൾ

38(727) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളിലും ഉപയോഗശൂന്യമായതും പ്രവർത്തന രഹിതവുമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിലേക്കുള്ള റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തി ആംബുലൻസുകൾ ഉൾപ്പെടെ സുഗമമായി എത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ക്ലീനിംഗ് സ്റ്റാഫിനെ കൂടുതലായി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തനരഹിതമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പ്രോഗ്രാം, കേരളാ അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ്, നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസ് എന്നിവ നടപ്പാക്കി വരുന്നു. ഇതുവരെ 9 ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 18 ആരോഗ്യ സ്ഥാപനങ്ങൾക്ക് കേരളാ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നത് പരിഗോധിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രി കോംപൗണ്ടിനകത്തുള്ള റോഡുകൾ ടാറിംഗ് നടത്തുന്നതിനായുള്ള പ്രൊപ്പോസലും, എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകി ടാറിംഗ് നടത്തുന്നുണ്ട്. തുടർന്നുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ക്ലീനിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

വികലാംഗ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

39 (728) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര വികലാംഗ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട് ;